2025 SEPTEMBER
26
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## കപ്പൽ നിർമാണ മേഖലയുടെ കുതിപ്പിന് 69,725 കോടിയുടെ കേന്ദ്ര സർക്കാർപദ്ധതി

**ന്യൂദൽഹി:** തദ്ദേശീയമായി കപ്പൽ നിർമാണം വർധിപ്പിക്കാൻ കേന്ദ്ര സർക്കാർ 69,725 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. കപ്പൽ നിർമാണ സാമ്പത്തിക സഹായ പദ്ധതി പ്രകാരം 24,736 കോടി രൂപയും മാരിടൈം ഡെവലപ്മെന്റ് ഫണ്ട് പ്രകാരം 19,989 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു.

തദ്ദേശീയമായുള്ള നിർമാണ ശേഷി വർധിപ്പിക്കുക, ദീർഘകാല സാമ്പത്തിക സഹായം കൂട്ടുക, പുതിയതും നിലവിലുള്ളതുമായ കപ്പൽശാലകളുടെ വികസനം പ്രോത്സാഹിപ്പിക്കുക, സാങ്കേതിക കഴിവുകൾ വർധിപ്പിക്കുക, നയപരമായ പരിഷ്ക്കാരങ്ങൾ നടപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് പാക്കേജ് പ്രഖ്യാപനം.

പത്ത് വർഷം നീളുന്ന പദ്ധതി പ്രകാരം 4.5 ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാൻ കഴിയുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. 2,500ലധികം കപ്പലുകളുടെ നിർമ്മാണവും പ്രതീക്ഷിക്കുന്നുണ്ട്.

വേണ്ടത്ര സ്വീകാര്യത ലഭിക്കാതിരുന്നതിനാൽ നേരത്തെ അവതരിപ്പിച്ച കപ്പൽ നിർമാണ പദ്ധതി വിജയം കണ്ടിരുന്നില്ല. കൂടുതൽ പേരെ ആകർഷിക്കാൻ തുറമുഖ, ജലപാത മന്ത്രാലയവും കപ്പൽശാലകൾക്കുള്ള ആനുകൂല്യങ്ങൾ ഏകീകരിച്ചിട്ടുണ്ട്. 100 കോടി രൂപയിൽ താഴെ മൂല്യമുള്ള കപ്പലുകൾക്ക് 15 ശതമാനമാണ് ആനുകൂല്യം ലഭിക്കുക. അതിന് മുകളിലുള്ളവയ്ക്ക് 20 ശതമാനം പിന്തുണ സർക്കാർ നൽകും. ഹൈബ്രിഡ്, ഹരിത സവിശേഷതകളുള്ള പ്രത്യേക കപ്പലുകൾക്ക് 25 ശതമാനവും ആനുകൂല്യം ലഭിക്കും.

## ട്രംപിന്റെ തീരുവ; സ്മാർട്ട്ഫോൺ കയറ്റുമതിയിൽ 58 ശതമാനം ഇടിവ്



**മുംബൈ:** യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുവ വർധനയെത്തുടർന്ന് സ്മാർട്ട്ഫോൺ കയറ്റുമതിയിൽ 58 ശതമാനം ഇടിവ്. അമേരിക്കയിലേക്കുള്ള മൊത്തം കയറ്റുമതിയിൽ തീരുവ ബാധകമല്ലാത്ത ഉൽപ്പന്നങ്ങളുടെ പങ്ക് 28.5 ശതമാനമാണ്. ഈ ഉൽപ്പന്നങ്ങളിൽമാത്രം 41.9 ശതമാനം ഇടിവുണ്ടായിട്ടുണ്ട്.

ഈ വിഭാഗത്തിൽ മേയിൽ 337 കോടി ഡോളറിന്റെ കയറ്റുമതി നടന്നിരുന്നു. ഓഗസ്റ്റിലിത് 196 കോടി ഡോളറായി ചുരുങ്ങി. യുഎസിലേക്കുള്ള കയറ്റുമതിയിൽ മുന്നിലുള്ള സ്മാർട്ട്ഫോൺ കയറ്റുമതിയിൽ മാത്രം 58 ശതമാനം കുറവുണ്ടായി.

മേയിലെ 229 കോടി ഡോളറിൽനിന്ന് ഓഗസ്റ്റിൽ 96.48 കോടി ഡോളറായാണിത് ചുരുങ്ങിയത്. ജൂണിലിത് 200 കോടി ഡോളറും ജൂലായിൽ 152 കോടി ഡോളറുമായിരുന്നു. ഇന്ത്യയുടെ ആഗോള കയറ്റുമതിയായ 2,410 കോടി ഡോളറിൽ 44 ശതമാനംവരെ അമേരിക്കയിലേക്കുള്ള സ്മാർട്ട്ഫോണുകളായിരുന്നു.

ഫാർമസ്യൂട്ടിക്കൽ ഉൽപ്പന്ന കയറ്റുമതിയിൽ 13.3 ശതമാനമാണ് ഇടിവ്. കഴിഞ്ഞ മേയിലെ 74.5 കോടി ഡോളറിൽനിന്ന് ഓഗസ്റ്റിൽ 64.66 കോടി ഡോളറായാണിത് ചുരുങ്ങിയത്. പെട്രോളിയം എണ്ണകളുടെ കയറ്റുമതിയിൽ 0.6 ശതമാനമാണ് ഇടിവ്

ലോഹങ്ങൾ, വാഹനഘടകങ്ങൾ തുടങ്ങിയവയുടെ കയറ്റുമതിയിൽ നാലുശതമാനമാണ് ഇടിവ്. മേയിലെ 63 കോടി ഡോളറിൽനിന്ന് ഓഗസ്റ്റിൽ 60 കോടിയായി കുറഞ്ഞു. അലൂമിനിയം കയറ്റുമതിയിൽ 19 ശതമാനവും ഇരുമ്പ്, ഉരുക്ക് എന്നിവയിൽ 13.1 ശതമാനവുമാണ് ഇടിവ്. ചെമ്പിലിത് 10.2 ശതമാനമാണ്

രാസവസ്തു കയറ്റുമതിയിൽ 15.9 ശതമാനവും കാർഷികോൽപ്പന്നങ്ങളിൽ 13.9 ശതമാനവുമാണ് കുറവ്.

## തനിഷ്ക് ഫെസ്റ്റീവ് എക്സ്ചേഞ്ച് ഓഫർ ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയിലെ ആഭരണ ബ്രാൻഡുകളിലൊന്നായ തനിഷ്ക്, രാജ്യത്തെ ഏറ്റവും വലിയ ഗോൾഡ് എക്സ്ചേഞ്ച് ഓഫറിന് തുടക്കമിട്ടു. ഗോൾഡ് എക്സ്ചേഞ്ച് ചെയ്യുമ്പോൾ വിലയിലും തൂക്കത്തിലും കുറവുകളൊന്നുമില്ലാതെ നൂറ് ശതമാനവും മൂല്യം ലഭിക്കുന്നതാണ് തനിഷ്കിന്റെ ഫെസ്റ്റീവ് എക്സ്ചേഞ്ച് ഓഫറെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് ജ്വല്ലറി ഡിവിഷൻ സിഇഒ അജോയ് ചൗള പറഞ്ഞു. കുറഞ്ഞത് 9 കാരറ്റ് വരെയുള്ള എല്ലാ കാരറ്റേജിലുമുള്ള ആഭരണങ്ങൾ കൈമാറ്റം ചെയ്യുമ്പോഴും ഈ ഓഫർ ലഭിക്കും. 2025 ഒക്ടോബർ 21 വരെയാണ് ഓഫർ കാലാവധി.




കാമ്പയിനായി സച്ചിൻ ടെണ്ടുൽക്കറുമായുള്ള സഹകരണവും തനിഷ്ക് പ്രഖ്യാപിച്ചു.ഏകദേശം 25,000 ടൺ സ്വർണമാണ് ഇന്ത്യൻ വീടുകളിൽ പൂട്ടിവയ്ക്കപ്പെട്ടിരിക്കുന്നത്. അതേസമയം, എല്ലാ വർഷവും രാജ്യത്തിന് ആവശ്യമായ സ്വർണ്ണത്തിന്റെ ഏകദേശം 99 ശതമാനവും ഇറക്കുമതി ചെയ്യപ്പെടുകയാണ്. പഴയ ആഭരണങ്ങൾ പുതിയ ഡിസൈനുകളിലുള്ളവയാക്കി മാറ്റി സ്വർണത്തിന്റെ മൂല്യം കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുകയും അതുവഴി സ്വർണ ഇറക്കുമതിയുടെ തോത് കുറയ്ക്കുന്നതിനുമുള്ള ശ്രമത്തിലാണ് തനിഷ്ക്. ഇതിനോടകം 30 ലക്ഷത്തിലധികം ഇന്ത്യക്കാർ തനിഷ്കിന്റെ ഗോൾഡ് എക്സ്ചേഞ്ച് പ്രോഗ്രാമിൽ പങ്കെടുത്തിട്ടുണ്ട്. ഏകദേശം 1.7 ലക്ഷം കിലോ സ്വർണം പുനരുപയോഗം ചെയ്തു. തനിഷ്ക് ബിസിനസിന്റെ 40 ശതമാനവും ഇപ്പോൾ ഗോൾഡ് എക്സ്ചേഞ്ച് പദ്ധതികളിലൂടെയാണ്. ഒരു കുടുംബം ഒരു ഗ്രാം പഴയ സ്വർണമെങ്കിലും കൈമാറ്റം ചെയ്യുമ്പോഴെല്ലാം, അവർ അതിന്റെ മൂല്യം കണ്ടെത്തുക മാത്രമല്ല, ഇറക്കുമതി കുറച്ചുകൊണ്ട് രാജ്യത്തെ ശക്തിപ്പെടുത്തുക കൂടിയാണെന്നും അജോയ് ചൗള പറഞ്ഞു. ഈ ഉത്സവ സീസണിൽ ഗോൾഡ് എക്സ്ചേഞ്ച് ചെയ്യുമ്പോൾ വിലയിലും തൂക്കത്തിലും കുറവുകളൊന്നുമില്ലാതെ നൂറ് ശതമാനവും മൂല്യം ലഭിക്കുന്ന തനിഷ്ക് ഫെസ്റ്റീവ് എക്സ്ചേഞ്ച് ഓഫറിലൂടെ നമ്മുടെ രാഷ്ട്രത്തെ സ്വയംപര്യാപ്തമാക്കുക എന്ന ദർശനത്തിൽ ഓരോ ഇന്ത്യക്കാരനും പങ്കാളിയാകുകയാണെന്നും അദ്ദേഹം പറഞ്ഞു.

## സിൽവർ സ്റ്റോം സ്നോ പാർക്ക് ജംഷഡ്പൂരിൽ; ഉദ്ഘാടനം നാളെ




**കൊച്ചി:** രജത ജൂബിലി വർഷത്തിൽ വികസന പദ്ധതിയുമായി സിൽവർ സ്റ്റോം പാർക്ക് ആന്റ് റിസോർട്ട്. കേരളത്തിന് പുറത്തേയ്ക്കും പ്രവർത്തനം വ്യാപിപ്പിക്കുന്നു. ആദ്യ സ്നോ സ്റ്റോം പാർക്ക് നാളെ ജംഷെഡ്പൂരിലെ പി ആന്റ് എം ഹൈടെക് സിറ്റി സെന്ററിൽ തുറക്കും.

രാവിലെ 11ന് നടക്കുന്ന ചടങ്ങിൽ ഹൈടെക് കെമിക്കൽസ് എം.ഡി ആർ.കെ അഗർവാൾ പാർക്കിന്റെ ഉദ്ഘാടനം നിർവഹിക്കും. സിൽവർ സ്റ്റോം പാർക്ക് ആന്റ് റിസോർട്ട് ഡയറക്ടർ ആർ. ശങ്കര കൃഷ്ണൻ അധ്യക്ഷത വഹിക്കും. ഇൻവിക്റ്റാ കാപ്സെർവ് എം.ഡി ഹേമന്ത് ഗഡോഡിയ, ക്യാപിറ്റർ വെൻചർ എം.ഡി രാഹുൽ മഹിപാൽ, സിൽവർ സ്റ്റോം പാർക്ക്സ് ആന്റ് റിസോർട്ട് മാനേജിംഗ് ഡയറക്ടർ എ. ഐ ഷാലിമാർ, ചെയർമാൻ പി.കെ അബ്ദുൾ ജലീൽ, ഡയറക്ടർ കെ. അരവിന്ദാക്ഷൻ, സി.എഫ്.ഒ കെ. രാമചന്ദ്രൻ തുടങ്ങിയവർ സംസാരിക്കും. സിൽവർ ജൂബിലിയുടെ ഭാഗമായി നടപ്പിലാക്കുന്ന വികസന പദ്ധതിയിലെ കേരളത്തിന് പുറത്തെ ആദ്യ സംരംഭമാണ് ജംഷഡ് പൂരിൽ ആരംഭിക്കുന്ന സ്നോ പാർക്ക് എന്ന് മാനേജിംഗ് ഡയറക്ടർ എ.ഐ ഷാലിമാർ പറഞ്ഞു.ഇന്ത്യയിലെ മറ്റു നഗരങ്ങളിലും വൈകാതെ സ്നോ പാർക്കുകൾ ആരംഭിക്കും. മഞ്ഞിൽ പൊതിഞ്ഞ മറക്കാനാവാത്ത നിരവധി വിനോദങ്ങളാണ് പാർക്കിൽ സജ്ജമാക്കിയിരിക്കുന്നതെന്നും എ.ഐ ഷാലിമാർ പറഞ്ഞു.

## തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക്

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ നേര്യമംഗലത്തുള്ള വിത്തുൽപാദന പ്രദർശന തോട്ടത്തിൽ പാകി കിളിർപ്പിച്ച അത്യുൽപാദന ശേഷിയുള്ള കുറ്റ്യാടി തെങ്ങിൻ തൈകൾ വിൽപ്പനയ്ക്കു തയാറായിട്ടുണ്ട്. വില 100 രൂപ. പുതുകൃഷി പദ്ധതി പ്രകാരം 350 രൂപ ബോർഡിന്റെ സബ്സിഡി ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോമുകളും തൈകൾക്കൊപ്പം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ 0485-2554240, 965685850 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ടുക.

## ചേരാനല്ലൂർ ഏലൂർ ചൗക്ക പാലം നിർമ്മാണത്തിന് ഭരണാനുമതി

**കൊച്ചി:** എറണാകുളം ജില്ലയിലെ മുട്ടാർ നദിക്കു കുറുകെയുള്ള ചേരാനല്ലൂർ ഏലൂർ ചൗക്ക പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചു. കാലങ്ങളായി ചുവപ്പ് നാടയിൽ കുടുങ്ങി കിടന്നിരുന്ന പദ്ധതിക്ക് അംഗീകാരം ലഭിക്കാൻ മന്ത്രി പി.രാജീവിന്റെ ഇടപെടലുകൾ സഹായകമായിട്ടുണ്ട് എന്നും ടി.ജെ വിനോദ് എം.എൽ.എ പറഞ്ഞു. നിലവിൽ ലഭിച്ചിരിക്കുന്നത് 2018ലെ എസ്.ഒ.ആർ പ്രകാരമുള്ള തുകയാണ്. നിലവിലെ സാഹചര്യത്തിൽ പ്രവൃത്തി ആരംഭിക്കാൻ 2021 എസ്.ഒ.ആർ പ്രകാരമുള്ള തുകയിലേക്ക് പദ്ധതിക്ക് അനുമതി ലഭിക്കേണ്ടതുണ്ട്, ഇതിനായി പരിഷ്കരിച്ച എസ്റ്റിമേറ്റ് പൊതുമരാമത്ത് പാലം വിഭാഗം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് എന്നും ടി.ജെ വിനോദ് എം.എൽ.എ പറഞ്ഞു.

153.24 മീറ്റർ നീളമുള്ളതാണ് നിർദ്ദിഷ്ട പാലം. ഇതിൽ 20 മീറ്റർ വീതം നീളമുള്ള 2 ലാൻഡ് സ്പാനുകളും 19.85 മീറ്റർ നീളമുള്ള 4 ലാൻഡ് സ്പാനുകളും, 32.04 മീറ്റർ നീളമുള്ള മധ്യ സ്പാനുമുണ്ട്. 7.50 മീറ്റർ വീതിയുള്ള കാരിയേജ് വേയും ഇരുഭാഗത്തുമായി 1.5 മീറ്റർ വീതിയുള്ള നടപ്പാതകളുമുണ്ട്. പാലത്തിന്റെ ആകെ വീതി 11.00 മീറ്ററും മധ്യ സ്പാനിന് 12.00 മീറ്ററുമാണ്. ബാർജുകൾ പിയറുകളിൽ ഇടിക്കുന്നത് നിയന്ത്രിക്കുന്നതിന് 80 മില്ലീമീറ്റർ വ്യാസമുള്ള 16 ഫെൻഡർ പൈലുകളും നൽകും. ചേരാനല്ലൂർ ഭാഗത്ത് അപ്രോച്ച് റോഡ് ഉൾപ്പെടെ 329 മീറ്ററും ഏലൂർ ഭാഗത്ത് അപ്രോച്ച് റോഡ് ഉൾപ്പെടെ 335 മീറ്ററും നീളത്തിലുള്ള റോഡുകളും ഇരുഭാഗങ്ങളിലായി സർവീസ് റോഡുകളും ഉണ്ടാവും. മണ്ണിന്റെ മോശം അവസ്ഥ കണക്കിലെടുത്ത് തെങ്ങിൻ പൈലുകൾ ഉപയോഗിച്ച മണ്ണ് ബലപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദീർഘകാലമായി ജനകീയ ആവശ്യമായി ഉന്നയിക്കപ്പെടുന്ന പദ്ധതിയാണിത്. 2016 ൽ 12 കോടി ചിലവ് കണക്കാക്കി അനുമതി ലഭിച്ച പദ്ധതി പിന്നീട് ഏലൂർ ഭാഗത്ത് നിർമ്മാണ ഘടനയിൽ ചില മാറ്റങ്ങൾ പ്രാദേശികമായി വന്നപ്പോൾ തുക അധികരിക്കുകയും പിന്നീട് എസ്.ഒ.ആർ പരിഷ്കാരങ്ങൾ കൂടെ ആയതോടെയാണ് നിലവിലെ 30.6 കോടി രൂപയായി മാറിയത്. അംഗീകരിക്കപ്പെട്ട തുകയിൽ നിന്നും 10 ശതമാനം വരെയുള്ള വർദ്ധനവിന് അംഗീകാരം നൽകാൻ പൊതുമരാമത്ത് സെക്രട്ടറിക്ക് അധികാരമുള്ളതിനാൽ നിലവിലെ സാഹചര്യത്തിൽ പദ്ധതിക്ക് കാലതാമസം വരാതിരിക്കാൻ അധികമായി വരുന്ന തുക അനുവദിക്കപ്പെടുന്നതിനു എസ്റ്റിമേറ്റിൽ സാധ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും സമർപ്പിക്കാനും നിയമ വശങ്ങൾ പരിശോധിക്കാനും പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാകണം എന്ന് ടി.ജെ വിനോദ് എം.എൽ.എ പറഞ്ഞു.

## ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കായി സഹമിത്ര മൊബൈൽ ആപ്പ്

**കോഴിക്കോട്:** ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് പിന്തുണയുമായി 'സഹമിത്ര' എന്ന പേരിൽ കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ മൊബൈൽ ആപ്പ് ഒരുങ്ങുന്നു. ദേശീയ ആരോഗ്യ മിഷനുമായി (ആരോഗ്യ കേരളം) സഹകരിച്ചാണ് നൂതന പദ്ധതി നടപ്പാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ ഭരണകൂടം സമർപ്പിച്ച പദ്ധതിക്ക് കേന്ദ്ര സർക്കാരിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസസ് അംഗീകാരം നൽകിയതോടെയാണ് മൊബൈൽ ആപ്പിനുള്ള വഴി തെളിഞ്ഞത്. സ്റ്റേറ്റ് കൊളാബറേറ്റീവ് ഇനിഷ്യേറ്റീവ് (എസ്.സി.ഐ) പദ്ധതിക്ക് കീഴിൽ ഈ സംരംഭത്തിനായി കേരളത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഏക ജില്ലയാണ് കോഴിക്കോട്. സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരമൊരു മൊബൈൽ ആപ്പ് രൂപകൽപ്പന ചെയ്യുന്നത്.രക്ഷിതാക്കൾക്ക് വീട്ടിലിരുന്ന് തന്നെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ചെയ്യാനുള്ള തെറാപ്പികളെ കുറിച്ചുള്ള വിവരങ്ങൾ, അവയുടെ വീഡിയോകൾ, തെറാപ്പി പുരോഗതി വിലയിരുത്താനുള്ള ടൂളുകൾ എന്നിവ ആപ്പിൽ ലഭ്യമാക്കും. തെറാപ്പിസ്റ്റുകൾ, ഡോക്ടർമാർ, കമ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് സെന്ററുകൾ (സി.ഡി.എം.സി) എന്നിവയുമായി ബന്ധപ്പെടാനുള്ള സൗകര്യങ്ങളും ഇതിൽ ലഭിക്കും. ആപ്പ് വരുന്നതോടെ ഭിന്നശേഷിക്കാർക്ക് ഇടക്കിടെയുള്ള ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കാനും അതുവഴി പണവും അധ്വാനവും സമയവും ലാഭിക്കാനുമാവും.

കേരള സ്റ്റേറ്റ് ഐടി മിഷൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ, സിആർസി, ആർഇഐഎസി, ഡിഇഐഎസി, നിംഹാൻസ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ആപ്പ് ഉള്ളടക്കങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആരോഗ്യ വിദഗ്ധരടങ്ങിയ പ്രത്യേക കമ്മിറ്റി ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കും.



# മണിമല നാളികേര പാർക്ക് യാഥാർഥ്യത്തിലേക്ക്

**കോഴിക്കോട്:** കുറ്റ്യാടി മണ്ഡലത്തിലെ നാളികേര കർഷകർക്ക് വാണിജ്യ സാധ്യതകൾ തുറന്നിടുന്ന മണിമല നാളികേര പാർക്ക് യാഥാർഥ്യത്തിലേക്ക്. പാർക്കിൽ ഈ വർഷം തന്നെ വ്യവസായികളെ ക്ഷണിക്കുമെന്ന് കെ. പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം.എൽ.എ പറഞ്ഞു.

നാളികേര പാർക്കുമായി ബന്ധപ്പെട്ട് നിയമസഭയിൽ എം.എൽ.എ ഉന്നയിച്ച ചോദ്യത്തിന് മറുപടിയായി, ഈ വർഷം തന്നെ പാർക്കിൽ വ്യവസായങ്ങളെ ക്ഷണിക്കുമെന്ന് വ്യവസായ മന്ത്രി പി. രാജീവ് നിയമസഭയെ അറിയിച്ചിരുന്നു. വികസന പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി അഞ്ചേക്കറിലെ മരങ്ങളുടെ വാല്യുവേഷൻ പൂർത്തിയാക്കുകയും മരം വിൽക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. റബർ ബോർഡിന്റെയും സോഷ്യൽ ഫോറസ്ട്രിയുടെയും മൂല്യനിർണയവും അനുമതിയും അടിസ്ഥാനമാക്കിയുള്ള മരം മുറിക്കൽ അന്തിമ ഘട്ടത്തിലാണ്. അടുത്ത ഘട്ടമായി തുടർന്നുള്ള പത്തേക്കറിലെ മരങ്ങൾ മുറിക്കാൻ വാല്യുവേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2025 ഡിസംബറിൽ നാളികേര പാർക്ക് വ്യവസായങ്ങൾക്ക് തുറന്നു കൊടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവൃത്തി പുരോഗമിക്കുന്നത്. മതിൽ, പ്രവേശന കവാടം ഉൾപ്പെടെ 73.61 ലക്ഷം രൂപയുടെ നിർമാണ പ്രവൃത്തികളും 160 കെവിഎ ട്രാൻസ്ഫോമർ സ്ഥാപിക്കലും പൂർത്തിയായി. ഒരു കോടി രൂപ ചെലവിട്ടുള്ള പരിസരസൗകര്യങ്ങൾ, റോഡ് ലാൻഡ് ഡെവലപ്മെന്റ് പ്രവൃത്തികൾ എന്നിവ ഊരാളുങ്കൽ ലേബർ കോൺട്രാക്ടർ കോ-ഓപറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

നാളികേര പാർക്കിൽ വ്യവസായങ്ങൾ തുടങ്ങാൻ സംരംഭകർ പാർക്ക് സന്ദർശിക്കുകയും ഭൂമി കണ്ട് ബോധ്യപ്പെടുകയും വേണം. തുടർന്ന് ഫോം എ പൂരിപ്പിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട്, അപേക്ഷ, മറ്റ് അനുബന്ധ രേഖകൾ എന്നിവ സമർപ്പിക്കണം. അപേക്ഷയുടെ സൂക്ഷ്മ പരിശോധനക്ക് ശേഷം കെ.എസ്.ഐ.ഡി.സി ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയിലും ഡിസ്ട്രിക്ട് അലോട്ട്മെന്റ് കമ്മിറ്റിയിലും പാസായാൽ ഭൂമിയുടെ തുക അടച്ച് സംരംഭകന് ഭൂമി പാട്ടത്തിനെടുക്കാനാകും.

നാളികേര പാർക്കുമായി ബന്ധപ്പെട്ട് കുറ്റ്യാടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ചേർന്ന അവലോകന യോഗത്തിൽ വേളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബാലമണി തായണ, വേളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. എം കുമാരൻ മാസ്റ്റർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

യോഗത്തിന് ശേഷം എം.എൽ.എയുടെ നേതൃത്വത്തിൽ കെ.എസ്.ഐ.ഡി.സി ഉദ്യോഗസ്ഥരുടെയും യു.എൽ.സി.സി.എസ് പ്രതിനിധികളുടെയും സാന്നിധ്യത്തിൽ സ്ഥലം സന്ദർശിക്കുകയും നിർമാണ പുരോഗതി വിലയിരുത്തുകയും ചെയ്തു.

# കേരളത്തിന്റേത് പ്രകൃതിക്ക് അനുസൃതമായ വ്യവസായ നയം: മന്ത്രി പി.രാജീവ്

**കൊച്ചി:** പ്രകൃതിക്ക് അനുസൃതമായ വ്യവസായ നയമാണ് സംസ്ഥാന സർക്കാരിന്റേതെന്ന് വ്യവസായ മന്ത്രി പി. രാജീവ്. കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി.

പ്രകൃതി, ജനത, വ്യവസായം എന്നതാണ് സംസ്ഥാനത്തിന്റെ വ്യവസായ നയത്തിന്റെ മുദ്രാവാക്യം.

കാർബൺ ബഹിർഗമനം വർദ്ധിപ്പിക്കുന്ന വ്യവസായങ്ങളെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നില്ല. കാർബൺ ന്യൂട്രൽ ആകേണ്ടത് ലോകത്തിന്റെ തന്നെ പ്രധാനപ്പെട്ട ആവശ്യമാണ്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നേരത്തെ തന്നെ കേരളം ആരംഭിച്ചിട്ടുണ്ട്.

സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിൽ ഔദ്യോഗികമായി അംഗീകരിച്ച പദ്ധതികളിൽ ആദ്യത്തേത് കേരളത്തിന്റെ ഹൈഡ്രജൻ ഹബ്ബാണ്. ലോകത്തിലെ തന്നെ പൂർണമായും സൗരോർജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആദ്യത്തെ വിമാനത്താവളമാണ് കൊച്ചിയിലേത്. അന്തരീക്ഷത്തിൽ നിന്ന് ഹരിത ഗൃഹ വാതകങ്ങളെ നീക്കം ചെയ്യുന്നതിനുള്ള കാർബൺ ക്രെഡിറ്റ് ആരംഭിച്ചിട്ടുണ്ട്.

കൊച്ചിയെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇത് പ്രയോഗത്തിലേക്ക് എത്തിക്കാൻ തുടർച്ചയായ അവലോകനവും ഏകോപനവും ആവശ്യമുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായാണ് കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതി സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി വൈപ്പിൻ ബ്ലോക്കിലെ കുഴിപ്പള്ളി, പള്ളിപ്പുറം, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തുകളിലും ഇടപ്പള്ളി ബ്ലോക്കിലെ എളങ്കുന്നപ്പുഴ, മുളവുകാട്, കടമക്കുടി ഗ്രാമപഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പാക്കുന്നത്.

ഹരിതകേരളം മിഷന്റെ സാങ്കേതിക സഹായത്തോടെയും ഏകോപനത്തോടെയും നടക്കുന്ന പദ്ധതിക്ക് ജിഡയുടെ പിന്തുണ ഉണ്ടാകും. കാമ്പയിന്റെ ഭാഗമായി ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കണക്കാക്കുന്നതിനായി എട്ട് പഞ്ചായത്തുകളിലും പ്രാഥമിക സർവേ നടത്തിയിരുന്നു. ഇതിലൂടെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഡി.പി.ആർ തയ്യാറാക്കിയത്.

കെ. എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ ചടങ്ങിൽ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ജില്ലാ കളക്ടർ ജി. പ്രിയങ്ക, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനൽ, നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോഡിനേറ്റർ ടി.എൻ സീമ, ജിഡ സെക്രട്ടറി രഘുരാമൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ജീവിതോത്സവം പദ്ധതിക്ക് തുടക്കം

**കോഴിക്കോട്:** ഹയർസെക്കൻഡറി നാഷണൽ സർവീസ് സ്കീം കർമ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന 'ജീവിതോത്സവം' പദ്ധതിക്ക് ജില്ലയിൽ തുടക്കമായി. ജില്ലാതല ഉദ്ഘാടനം സേവാമന്ദിരം പോസ്റ്റ് ബേസിക് ഹയർ സെക്കൻഡറി സ്കൂളിൽ രാമാനാട്ടുകര നഗരസഭ ചെയർപേഴ്സൺ വി. എം പുഷ്പ നിർവഹിച്ചു. കൗമാരക്കാരായ വിദ്യാർഥികളുടെ സർഗശേഷിയും ഊർജവും പുതുവഴികളിലൂടെ ഉപയോഗപ്പെടുത്തൽ ലക്ഷ്യമിട്ട് 21 ദിവസം നടപ്പാക്കുന്ന പദ്ധതിയാണ് 'ജീവിതോത്സവം 2025'.

ലഹരിവസ്തുക്കളുടെ ഉപയോഗം, ഡിജിറ്റൽ അഡിക്ഷൻ, ആത്മഹത്യാപ്രവണത, അക്രമണവാസന തുടങ്ങിയവ തടയുന്നതിനുള്ള ചലഞ്ചുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജീവിതോത്സവം കാഹളം മുഴക്കൽ, കുടുംബവുമൊത്തുള്ള സെൽഫി, നവലോകത്തിനായി സ്റ്റിക്കർ പതിക്കൽ, അതിജീവന കഥകൾ പങ്കുവെക്കൽ, ഏകദിന ഡിജിറ്റൽ ഉപവാസം, ഒപ്പുമരം, ആഹ്ലാദ ചുവടുകൾ, ഭരണഘടനയെ മനസ്സിലാക്കൽ, പുസ്തകത്തിന്റെ ആത്മാവ് തേടൽ, സ്റ്റാറ്റസ് മേള, പാഥേയം, ചോദ്യോത്തര പയറ്റ്, വാക്കിങ് ബസ്സ്, ലഹരിവിരുദ്ധ ചിതമതിൽ, ദർപ്പണം, കാർണിവൽ, പ്രഭാത വ്യായാമം തുടങ്ങിയവയാണ് ചലഞ്ചുകൾ.

ചടങ്ങിൽ ഹയർ സെക്കൻഡറി റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ ആർ. രാജേഷ് കുമാർ മുഖ്യാതിഥിയായി. മാനസ ഗ്രാമമായി പൊറ്റേപടി ഗ്രാമത്തെ പ്രഖ്യാപിച്ചു. ഗ്രാമത്തിലെ അങ്കണവാടിക്കുള്ള പഠനോപകരണങ്ങളും കളിപ്പാട്ടങ്ങളും ആർ.ഡി.ഡി വിതരണം ചെയ്തു. എൻ.എസ്.എസ് സൗത്ത് ജില്ലാ കൺവീനർ എം. കെ ഫൈസൽ പദ്ധതി വിശദീകരിച്ചു. വാർഡ് കൗൺസിലർ പി. കെ അഫ്സൽ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ വി. എസ് പ്രശാന്ത്, പ്രിൻസിപ്പൽ കെ. വി രഞ്ജിനി, ഹെഡ്മാസ്റ്റർ വി. മുരളി, ബേപ്പൂർ ക്ലസ്റ്റർ കൺവീനർ കെ. വി സന്തോഷ് കുമാർ, സ്റ്റാഫ് സെക്രട്ടറി പി. സ്മിജ എന്നിവർ സംസാരിച്ചു. തുടർന്ന് ലഹരിവിരുദ്ധ നൃത്ത ശിൽപ്പവും മനഷ്യവലയവും ഒരുക്കി. ഹരിതകർമ സേനാംഗങ്ങൾ, പൂർവ വിദ്യാർഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. വളണ്ടിയർ ലീഡർമാരായ പി.ശ്രീദേവ്, എ. കെ അഭിരാമി, ആദിത്യ രാജേഷ്, അഭിരാമി എന്നിവർ നേതൃത്വം നൽകി.




# ഹാപ്പിനസ് പാർക്ക് ഉദ്ഘാടനം ചെയ്തു

**കോഴിക്കോട്:** കുന്ദമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സക്കെത്തുന്ന രോഗികൾക്കും കൂടെയെത്തുന്നവർക്കും മാനസികോല്ലാസത്തിനും വിശ്രമത്തിനുമായി ഒരുക്കിയ 'ആലിലക്കാറ്റ്' ഹാപ്പിനസ് പാർക്കിന്റെ ഉദ്ഘാടനം പി. ടി. എ റഹീം എം.എൽ.എ നിർവഹിച്ചു.

പ്രശാന്ത് പടനിലം നിർമിച്ച ശിൽപ്പം, നൂറ്റാണ്ടോളം പഴക്കമുള്ള ആലിനോടനുബന്ധിച്ച് തയാറാക്കിയ ഇരിപ്പിടം, ഊഞ്ഞാൽ, ടൈൽസ് പാകി മനോഹരമാക്കിയ തറ, സംരക്ഷണ ഭിത്തി തുടങ്ങിയവയടങ്ങിയ പാർക്ക് വയോജനങ്ങൾക്കും കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തത്. കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ അനുവദിച്ച ഏഴ് ലക്ഷം രൂപ ചെലവിട്ടാണ് നിർമാണം.

ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിജി പുൽക്കുന്നുമ്മൽ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അരിയിൽ അലവി മുഖ്യാതിഥിയായി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി. അനിൽ കുമാർ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ചന്ദ്രൻ തിരുവലത്ത്, യു. സി പ്രീതി, ശബ്ന റഷീദ്, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ കെ.കെ.സി നൗഷാദ്, ഷൈജ വളപ്പിൽ, നജീബ് പാലക്കൽ, അസി. എഞ്ചിനീയർ റൂബി നസീർ, പി.ആർ.ഒ ജസ്റ്റിൻ, ആശ വർക്കർ വിനീത എന്നിവർ സംസാരിച്ചു. മെഡിക്കൽ ഓഫീസർ ഡോ. വി. അർച്ചന റിപ്പോർട്ട് അവതരിപ്പിച്ചു.

# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി അഡ്മിഷൻ ഒക്ടോബർ 10 വരെ നീട്ടി

**കാസർകോട്:** ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2025-26 അധ്യയന വർഷത്തെ യു.ജി.പി.ജി പ്രോഗ്രാമുകൾക്ക് ഓൺലൈനായി അപേക്ഷിക്കുവാനുള്ള തീയതി ഒക്ടോബർ 10 വരെ നീട്ടി.

28 യു.ജി, പി.ജി പ്രോഗ്രാമുകൾക്കാണ് ഓപ്പൺ യൂണിവേഴ്സിറ്റി അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. പഠന കേന്ദ്രങ്ങളിലൂടെ അവധി ദിവസങ്ങളിൽ നേരിട്ടുള്ള അക്കാദമിക് കൗൺസലിംഗ് ക്ലാസുകൾക്ക് പുറമെ റെക്കോർഡഡ് ക്ലാസ്സുകളും എൽ ഡസ്ക് എന്ന പഠന ആപ്പും പഠിതാക്കൾക്ക് പ്രയോജനപ്പെടുത്താം. സെൽഫ് ലേണിങ്ങ് മെറ്റീരിയലുകൾ, ഓൺലൈൻ പഠന സാമഗ്രികൾ എന്നിവയും ഓപ്പൺ യൂണിവേഴ്സിറ്റിയിലെ പഠനം സുഗമമാക്കുന്നു. മിനിമം യോഗ്യതയുള്ള ആർക്കും പ്രായപരിധിയോ മാർക്ക് മാനദണ്ഡങ്ങളോ ഇല്ലാതെ ഇഷ്ടമുള്ള വിഷയത്തിൽ ഉപരി പഠനം നടത്താം. ടി.സി നിർബന്ധമല്ല.

നിലവിൽ അക്കാഡമിക് പ്രോഗ്രാം ചെയ്യുന്നവർക്കും യൂണിവേഴ്സിറ്റിയുടെ മറ്റൊരു ഡിഗ്രി പ്രോഗ്രാമിന് ഒരേ സമയം പഠിക്കാൻ സാധിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0474-2966841, 9188909901, 9188909902, 9188909903.

# അപേക്ഷ ക്ഷണിച്ചു

**കാസർകോട്:** ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ജനകീയ മത്സ്യ കൃഷി പദ്ധതിയുടെ ഘടകപദ്ധതിയായ ഞണ്ട് കൃഷി പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പിന്നാമ്പുറ കുളങ്ങളിലോ ഓരു ജലാശയങ്ങളിലോ ഞണ്ട് കൃഷി ചെയ്യാം. പദ്ധതി ചെലവിന്റെ 40 ശതമാനം തുക സബ്സിഡി അനുവദിക്കും. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ അനുബന്ധ രേഖകൾ സഹിതം ഒക്ടോബർ ആറ് വരെ തൃക്കരിപ്പൂർ, കാഞ്ഞങ്ങാട്, കാസർകോട്, കുമ്പള, മത്സ്യഭവൻ ഓഫീസുകളിൽ സ്വീകരിക്കും. ഫോൺ 0467-2202537.




# രോഗികൾക്കായി വീൽ ചെയറുകളും ട്രോളികളും വിതരണം ചെയ്തു

**കൊച്ചി:** സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി മുത്തൂറ്റ് ഫിനാൻസ് സന്ധാരി റിസോർട്ടുമായി സഹകരിച്ച് ആലപ്പുഴയിലെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രിയിലേക്ക് വീൽചെയറുകളും രോഗികൾക്കായുള്ള ട്രോളികളും വിതരണം ചെയ്തു. ചടങ്ങിൽ ആലപ്പുഴ ജില്ലാ കളക്ടർ അലക്സ് വർഗ്ഗീസ് ഉപകരണങ്ങൾ ആശുപത്രിക്ക് ഔദ്യോഗികമായി കൈമാറി. ആശുപത്രി സൂപ്രണ്ട് ഡോ. ദീപ്തി പ്രസംഗിച്ചു. മുത്തൂറ്റ് ഫിനാൻസിലേയും സന്ധാരി റിസോർട്ട്സിലേയും ജീവനക്കാർ ചടങ്ങിൽ സംബന്ധിച്ചു. ഈ മേഖലയിൽ വനിതകൾക്കും കുട്ടികൾക്കും ആരോഗ്യ സേവനങ്ങൾ നൽകുന്ന സുപ്രധാന ആശുപത്രിയാണിത്. ആലപ്പുഴ നഗരപ്രദേശങ്ങളിലേയും, കുട്ടനാട്, സമീപ പഞ്ചായത്തുകളായ ചമ്പക്കുളം, നെടുമുടി, പള്ളാത്തുരുത്തി എന്നിവിടങ്ങളിലേയും രോഗികൾ ഇവിടെ നിന്നുള്ള സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഇവിടെ നിന്നുള്ള ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുകയും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുകയുമാണ് ഈ പിന്തുണയിലൂടെ ലക്ഷ്യമിടുന്നത്. ആലപ്പുഴയിലെ ജനങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള പിന്തുണയിലെ മറ്റൊരു ചുവടു വെപ്പാണിതെന്ന് സന്ധാരി റിസോർട്ട്സ് മാനേജിങ് ഡയറക്ടറും മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടറുമായ ജോർജ്ജ് എം. ജോർജ്ജ് പറഞ്ഞു. സമൂഹത്തിൽ ക്രിയാത്മക മാറ്റങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങളുമായി സഹകരിക്കുന്നത് മുത്തൂറ്റ് ഫിനാൻസിന്റെ സിഎസ്ആർ നീക്കങ്ങളിലൂടെ തുടരും. ആരോഗ്യ സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും സമൂഹത്തിന് സേവനങ്ങൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.ആശുപത്രിയിലെത്തുന്ന രോഗികൾക്ക്, പ്രത്യേകിച്ച് ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് ഈ ഉപകരണങ്ങൾ വളരെയേറെ സൗകര്യപ്രദമാകുമെന്ന് ജില്ല കളക്ടർ അലക്സ് വർഗീസ് പറഞ്ഞു. സാമൂഹ്യ പുരോഗതി ലക്ഷ്യമിട്ടുള്ള ഇത്തരം പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.

# ഇന്റർനാഷണൽ യൂണിഫോം മാനുഫാക്ചേഴ്സ് ഫെയർ നവംബർ 26 മുതൽ

**കൊച്ചി:** മഹാരാഷ്ട്ര സർക്കാറിന്റെ ടെക്സ്റ്റൈൽ വകുപ്പുമായി സഹകരിച്ച് സോളാപൂർ ഗാർമെന്റ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (എസ് ജി എം എ) സംഘടിപ്പിക്കുന്ന 9ാമത് ഇന്റർനാഷണൽ യൂണിഫോം മാനുഫാക്ചേഴ്സ് ഫെയർ നവംബർ 26 മുതൽ 28 വരെ മുംബൈയിലെ ഗോരേഗാവിൽ നെസ്കോ എക്സിബിഷൻ സെന്റർ ഹാൾ നമ്പർ നാലിൽ നടക്കും.

മൂന്ന് ദിവസത്തെ മേളയിൽ 150ലധികം ദേശീയ ബ്രാൻഡുകൾ പങ്കെടുക്കും. 30,000ൽ അധികം യൂണിഫോം ഡിസൈനുകളും 15,000ൽ അധികം തുണി ഡിസൈനുകളും പ്രദർശനത്തിൽ അവതരിപ്പിക്കും. ആഗോള യൂണിഫോം വ്യവസായത്തിലെ ഏറ്റവും വലിയ സ്രോതസ്സ് കേന്ദ്രമായിരിക്കും പ്രദർശനം. 2017ലെ ആദ്യ പ്രദർശനം മുതൽ യൂണിഫോം മേഖലയിൽ എസ്.ജി.എം.എ നിരന്തരം നവീകരണത്തിന് നേതൃത്വം നൽകുന്നതായും 9ാമത് അന്താരാഷ്ട്ര യൂണിഫോം മാനുഫാക്ചറേഴ്സ് ഫെയർ




2025ൽ സ്കൂൾ, ആശുപത്രി, ഹോട്ടൽ, കോർപ്പറേറ്റ്, സ്പോർട്സ്, വർക്ക് വെയർ, തുണിത്തരങ്ങൾ, ആക്സസറികൾ, പാദരക്ഷകൾ തുടങ്ങിവയെല്ലാം ഒരു മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാകുന്ന ലോകത്തിലെ ഒരേയൊരു പ്ലാറ്റ്ഫോമായിരിക്കുമെന്നും ഫെയർ ചെയർമാൻ അജയ് രംഗ് രാജ് പറഞ്ഞു.

ഈ വർഷത്തെ പതിപ്പിൽ നിർമിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള ഫാഷൻ ഷോ അരങ്ങേറും. യൂണിഫോം മേഖലയിലെ പുതിയ ആശയമായി അവതരിപ്പിക്കുന്ന ഈ പരിപാടി സന്ദർശകർക്ക് ഭാവിയിലേക്കുള്ള യൂണിഫോം ഡിസൈനുകൾ ഡിജിറ്റലായി അനുഭവിക്കാൻ കഴിയും. ഡിസൈൻ ദൃശ്യവൽക്കരണത്തിനും വിപണനത്തിനുമുള്ള പുതിയ വഴികളാണ് ഈ സാധ്യത തുറക്കുന്നത്. സ്കൂൾ യൂണിഫോമുകൾ, ആശുപത്രി വസ്ത്രങ്ങൾ, ഹോട്ടൽ, കോർപ്പറേറ്റ് യൂണിഫോമുകൾ, സ്പോർട്സ് വസ്ത്രങ്ങൾ, വ്യാവസായിക, വർക്ക് വെയർ, ബ്ലേസറുകൾ, ബെൽറ്റുകൾ, ടൈകൾ, ഷൂസ്, സോക്സ്, ബാഗുകൾ, തുണിത്തരങ്ങൾ, ഗാർമെന്റ് യന്ത്രങ്ങൾ എന്നിവയുൾപ്പെടെ വിപുലമായ ഉൽപ്പന്ന ശ്രേണി മേളയിൽ പ്രദർശിപ്പിക്കും. വിതരണക്കാർ, ഡീലർമാർ, റീട്ടെയിലർമാർ, സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവർക്ക് മേളയെ പ്രധാന നെറ്റ് വർക്കിംഗ്, സോഴ്സിംഗ് അവസരമായി പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നതായി ഫെയർ സെക്രട്ടറി ശ്രീകാന്ത് അംബുരെ കൂട്ടിച്ചേർത്തു.




# കൊച്ചിമുസിരിസ് ബിനാലെയുമായി കൈകോർത്ത് ഇ.ഒ കേരള

**കൊച്ചി:** ദി എൻട്രപ്രേണേഴ്സ് ഓർഗനൈസേഷൻ കേരള ചാപ്റ്റർ, കൊച്ചിമുസിരിസ് ബിനാലെ ഫൗണ്ടേഷനുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന, ആർട്ട്ബീറ്റിന്റെ ലോഗോ പ്രകാശനം ചെയ്തു. ബ്രണ്ടൺ ബോട്ട്യാർഡിൽ നടന്ന ലോഗോ പ്രകാശന ചടങ്ങിൽ ഇ.ഒ കേരള ചാപ്റ്റർ പ്രസിഡന്റും, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ ഡയറക്ടറുമായ ഡോ. വിനീത് അബ്രഹാം, ഇ.ഒ കേരള ബിനാലെ കമ്മിറ്റി അംഗങ്ങളായ മാത്യു മഴുവഞ്ചേരി, ഐസക് അലക്സാണ്ടർ, ടിങ്കി മാത്യു, നിതിൻ രാജൻ , സോനു വൈദ്യൻ, ജ്വാല ബാലൻ , എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കൊച്ചിമുസിരിസ് ബിനാലെയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി, ക്യുറേറ്റർ നിഖിൽ ചോപ്ര, സി.ഇ.ഒ തോമസ് വർഗീസ് എന്നിവരും സന്നിഹിതരായിരുന്നു.

കൊച്ചിമുസിരിസ് ബിനാലെയോട് അനുബന്ധിച്ച്, 2026 ഫെബ്രുവരി 13,14 തീയതികളിലായാണ് ആർട്ട്ബീറ്റ് അരങ്ങേറുക. ഒരേസമയം കലയേയും,വ്യവസായത്തേയും ശക്തിപ്പെടുത്താൻ സഹായിക്കുന്ന ഇടപെടലുകൾക്കാണ്, ആർട്ട്ബീറ്റ് വേദിയാകുക. ലോകമെമ്പാടുമുള്ള സംരംഭകരെ ബിനാലെ സന്ദർശിക്കുന്നതിനായി കൊച്ചിയിലേക്ക് എത്തിക്കുന്നു എന്നതാണ് പരിപാടിയുടെ പ്രധാന സവിശേഷത. കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന സംരംഭകർക്ക് മുന്നിൽ പരിചയപ്പെടുത്താനുള്ള വേദികൂടിയാണ് ആർട്ട്ബീറ്റ്. ഇതോടൊപ്പം, കേരളത്തിലെ ബിസിനസ് സമൂഹവുമായി സംവദിക്കാനുള്ള അവസരവും ആർട്ട്ബീറ്റ് തുറന്നിടുന്നു.

ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ സമകാലീന കലാമേളയായ ബിനാലെയിൽ, ആഗോളതലത്തിലുള്ള സംരംഭകർക്ക്, സർഗ്ഗാത്മകതയെ അടുത്തറിയാനാകുന്ന രീതിയിലാണ്, ആർട്ട്ബീറ്റ് രൂപകൽപന ചെയ്തിരിക്കുന്നത്. ബിനാലെ സ്ഥാപകർ, കലാകാരന്മാർ, കലാസ്വാദകർ, ദാർശനികർ തുടങ്ങിയവരുമായുള്ള സംവാദങ്ങളും, പരിപാടിയുടെ ഭാഗമാണ്.

ലോകത്തെമ്പാടുമുള്ള പ്രമുഖ സംരംഭകർക്ക്, പഠിക്കാനും വളരാനും സഹായിക്കുന്ന ആഗോള നെറ്റ്വർക്കാണ് എന്റർപ്രണേഴ്സ് ഓർഗനൈസേഷൻ. അതിന്റെ കേരള ചാപ്റ്ററാണ് ഇ.ഒ കേരള.

## എസ്ബിഐ ലൈഫും ബിസിസിഐയും കൈകോർത്തു

**കൊച്ചി:** എസ്ബിഐ ലൈഫ് ഇൻഷുറൻസും ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡും താങ്ക്സ് എ ഡോട്ട് സംരംഭത്തിലൂടെ സ്തനാർബുദ ബോധവൽക്കരണത്തിനായി ഒന്നിച്ചു. ഇതിന്റെ ഭാഗമായി, ഓസ്ട്രേലിയയ്ക്കെതിരായ ഏകദിന അന്താരാഷ്ട്ര മത്സരത്തിൽ, താങ്ക്സ് എ ഡോട്ട് ലോഗോ ആലേഖനം ചെയ്ത പിങ്ക് ജേഴ്സിയിലാണ് ഇന്ത്യയുടെ വനിതാ ക്രിക്കറ്റ് ടീം കളത്തിലിറങ്ങിയത്. സ്തനാർബുദത്തിനെതിരായ പോരാട്ടത്തിലെ നിർണായക ഘട്ടങ്ങളായ സ്തന സ്വയം പരിശോധനയുടെയും നേരത്തെയുള്ള കണ്ടെത്തലിന്റെയും പ്രാധാന്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, സ്ത്രീകളുടെ ആരോഗ്യത്തെ ഉയർത്തിക്കാട്ടുന്നതിനും സ്പോർട്സിന്റെ ഏകീകരണ ശക്തി എങ്ങനെ ഉപയോഗിക്കാമെന്നുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്

## ആക്സിസ് ബാങ്കിന്റെ ദിൽ സേ ഓപ്പൺ സെലിബ്രേഷൻസ്

**കൊച്ചി:** ഷോപ്പിങ്, യാത്ര, ലൈഫ്സ്റ്റൈൽ, ഇലക്ട്രോണിക്സ്, തുടങ്ങി വിവിധ ഇനങ്ങളിൽ വൻ ആനുകൂല്യങ്ങളും ഇളവുകളുമായി ആക്സിസ് ബാങ്ക് ദിൽ സേ ഓപ്പൺ സെലിബ്രേഷൻസിനു തുടക്കം കുറിച്ചു. സെപ്റ്റംബറിൽ തുടങ്ങിയ ഈ പദ്ധതി പ്രകാരം മാസങ്ങൾ നീണ്ടു നിൽക്കുന്ന ഇളവുകൾ, ക്യാഷ് ബാക്ക് ആനുകൂല്യങ്ങൾ, റിവാർഡുകൾ, സവിശേഷമായ പങ്കാളിത്ത സ്ഥാപന ആനുകൂല്യങ്ങൾ എന്നിവയാണ് ഉൽസവകാലത്തേക്കായി അവതരിപ്പിച്ചിട്ടുള്ളത്.

ആമസോൺ, ഫ്ളിപ്കാർട്ട്, ഹെയർ, എൽ.ജി, സാംസംഗ്, സോണി തുടങ്ങിയവ ഉൾപ്പെടെ ഇലകട്രോണിക്സ്, വൺപ്ലസ്, മോട്ടോറോള, ഷവോമി തുടങ്ങിയ മൊബൈൽ, ക്വിക് കോമേഴ്സ്, ഷോപ്പിങ്, യാത്ര തുടങ്ങി വിവിധ വിഭാഗങ്ങളിലായി വ്യാപിച്ചു കിടക്കുന്നതാണ് ആനുകൂല്യങ്ങൾ. ഉപഭോക്താക്കൾക്ക് ആദ്യ പരിഗണന എന്ന തങ്ങളുടെ രീതിയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയെന്ന് ആക്സിസ് ബാങ്ക് കാർഡ്സ്, പെയ്മെന്റ്സ് ആന്റ് വെൽത്ത് വിഭാഗം മേധാവിയും പ്രസിഡന്റുമായ അർമിക ദിഷിത്ത് പറഞ്ഞു.

## നവരാത്രി ക്യാമ്പയിൻ തുടങ്ങി

**കൊച്ചി:** നവരാത്രി ക്യാമ്പയിൻ പ്രഖ്യാപിച്ച് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. പോഷകങ്ങൾ നിറഞ്ഞ ബദാം പോലുള്ള ഭക്ഷണങ്ങൾ ശരീരത്തിൽ ഊർജ്ജം നിലനിർത്താനും ദഹനത്തെ സഹായിക്കാനും വ്രതകാലമായ ഒമ്പത് ദിവസവും മൊത്തത്തിലുള്ള ആരോഗ്യം പ്രോത്സാഹിപ്പിക്കാനും സഹായിക്കുമെന്ന് ക്യാമ്പയിൻ ചൂണ്ടിക്കാട്ടുന്നു. ശുദ്ധീകരിച്ച പഞ്ചസാരയും വറുത്ത ഭക്ഷണങ്ങളും ഒഴിവാക്കി, വ്രതമെടുക്കുന്ന സമയത്ത് ഊർജവും മൊത്തത്തിലുള്ള ആരോഗ്യവും നിലനിർത്തുന്ന പ്രകൃതിദത്തമായ ചേരുവകളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഡൽഹി മാക്സ് ഹെൽത്ത്കെയറിലെ ഡയറ്ററ്റിക്സ് റീജിയണൽ ഹെഡ് ആയ റിഥിക സമദ്ദർ നിർദേശിച്ചു.

## ലേക്ഷോർ ആശുപത്രി എം.ഡി. എസ്. കെ അബ്ദുള്ളയ്ക്ക് അവാർഡ്

**കൊച്ചി:** മണപ്പുറം വിപിഎൻ ഐബിഇ അവാർഡ്സ് 2025ൽ ലേക്ഷോർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ എസ്. കെ അബ്ദുള്ളയെ പുരസ്ക്കാരം നൽകി ആദരിച്ചു. ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ മണപ്പുറം ഫിനാൻസ് ലിമിറ്റഡ് സി.എം.ഡി വി.പി നന്ദകുമാർ, പെഗസസ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ ഡോ. അജിത് രവി എന്നിവർ ചേർന്ന് അവാർഡ് സമ്മാനിച്ചു. സാമൂഹികാരോഗ്യ രംഗത്തെ സേവനത്തിനും ദാനപരമായ പ്രവർത്തനങ്ങൾക്കുമുള്ള അംഗീകാരമാണ് ഈ പുരസ്കാരം.

## പർപ്പിൾ സ്റ്റൈൽ ലാബ്സ് ഐപിഒയ്ക്ക്

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ മൾട്ടിബ്രാൻഡ് ആഡംബര ഫാഷൻ പ്ലാറ്റ്ഫോമുകളിലൊന്നും പെർണിയാസ് പോപ്പ് അപ്പ് ഷോപ്പിന്റെ മാതൃകമ്പനിയുമായ പർപ്പിൾ സ്റ്റൈൽ ലാബ്സ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. പത്ത് രൂപ മുഖവിലയുള്ള, 660 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# 'ആസ്റ്റർ മിംസ് കാസർഗോഡ്' ഒക്ടോബർ രണ്ടിന് തുറക്കും

**കാസർകോഡ്:** രാജ്യത്തെ മുൻനിര ആരോഗ്യ സേവനദാതാക്കളായ ആസ്റ്റർ ഡി.എം ഹെൽത്ത്കെയർ കേരളത്തിലെ തങ്ങളുടെ എട്ടാമത്തെ ആശുപത്രിയായ, ആസ്റ്റർ മിംസ് കാസർഗോഡിന്റെ പ്രവർത്തനം ആരംഭിക്കാൻ ഒരുങ്ങുന്നു. ലോകോത്തര നിലവാരത്തിലുള്ള ആരോഗ്യപരിപാലനം സംസ്ഥാനത്ത് കൂടുതൽ ഇടങ്ങളിലേക്ക് എത്തിക്കുക എന്ന ആസ്റ്ററിന്റെ ലക്ഷ്യങ്ങൾക്ക് കരുത്തേകുന്നതാണ് പുതിയ ആശുപത്രി. ഒക്ടോബർ രണ്ടിന് മുഖ്യമന്ത്രി പിണറായി വിജയൻ, പുതിയ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ ഉദ്ഘാടനം നിർവ്വഹിക്കും. കർണാടക ആരോഗ്യകുടുംബക്ഷേമ മന്ത്രി ദിനേശ് ഗുണ്ടു റാവുവും ചടങ്ങിൽ പങ്കെടുക്കും.




2.1 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള, 264 കിടക്കകളുള്ള ഈ ആശുപത്രി, വടക്കൻ കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് പുത്തൻ ഉണർവേകും. കാസർഗോഡും, സമീപ പ്രദേശങ്ങളിലുമുള്ള ആളുകൾക്ക് എളുപ്പത്തിൽ സേവനം ലഭ്യമാക്കാനാകുന്ന സ്ഥലത്താണ് ആസ്റ്റർ പുതിയ ആശുപത്രി യാഥാർത്ഥ്യമാക്കിയിരിക്കുന്നത്.

ഏറ്റവും മികച്ചതും, രോഗി കേന്ദ്രീകൃതവും, അത്യാധുനികവുമായ പരിചരണം, എല്ലാവർക്കും ഉറപ്പാക്കുന്ന തരത്തിലാണ് ആസ്റ്റർ മിംസ് കാസർഗോഡ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ, ഡയറക്ടർ അനൂപ് മൂപ്പൻ, കാസർകോഡ് എം.പി രാജ്മോഹൻ ഉണ്ണിത്താൻ, എം.എൽ.എമാരായ എ.കെ.എം അഷ്റഫ്, ഇ. ചന്ദ്രശേഖരൻ, എൻ.എ നെല്ലിക്കുന്ന്, സി.എച്ച് കുഞ്ഞമ്പു, എം. രാജഗോപാൽ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ, ചെങ്ങള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഖാദർ ബദ്രിയ, ആസ്റ്റർ കേരള ക്ലസ്റ്റർ സി.എം.എസ് ഡോ. കെ.എം സൂരജ്, ആസ്റ്റർ മിംസ് കാസർഗോഡ് സി.ഒ.ഒ ഡോ. അനൂപ് നമ്പ്യാർ എന്നിവരും ആസ്റ്റർ ഡി.എം ഹെൽത്ത്കെയറിലെ മറ്റ് പ്രമുഖരും ചടങ്ങിൽ സന്നിഹിതരാകും.





# ഒരു വർഷം 25,000 അതിഥികൾ; വിജയകഥ തുടർന്ന് 0484 എയ്റോ ലോഞ്ച്

**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ 0484 എയ്റോ ലോഞ്ച് പ്രവർത്തനമാരംഭിച്ചിട്ട് ഒരു വർഷം പിന്നിടുന്നു. ഇതിനകം 25,000 അതിഥികളാണ് ലോഞ്ച് സേവനം ഉപയോഗപ്പെടുത്തിയത്. 12,000 റൂം ബുക്കിങ്ങുകളും നടന്നു. യാത്രക്കാരും സന്ദർശകരും ഒരു പോലെ ലോഞ്ച് സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

6,12,24 എന്നിങ്ങനെ മണിക്കൂർ നിരക്കിൽ ബുക്കിങ് സംവിധാനമുള്ളതിനാൽ, താമസസൗകര്യം ഉപയോഗപ്പെടുത്തുന്നവരെ കൂടാതെ യാത്രയ്ക്ക് മുമ്പും ശേഷവും വിശ്രമിക്കാനും ലോഞ്ച് ഉപയോഗിക്കുന്നു. ഒറ്റയ്ക്ക് യാത്രചെയ്യുന്നവർക്കും പ്രവാസികൾക്കും ലോഞ്ച് സുരക്ഷിതവും സൗകര്യപ്രദവുമായ താവളമായി മാറുകയാണ്.

50,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ലോഞ്ചിൽ 37 മുറികളും 4 സ്യൂട്ടുകളും ഉൾപ്പെടുന്നു. കൂടാതെ 3 ബോർഡ് റൂമുകൾ, 2 കോൺഫറൻസ് ഹാളുകൾ, കോവർക്കിംഗ് സ്പെയ്സുകൾ, ജിം, സ്പാ, ലൈബ്രറി എന്നിവയുമുണ്ട്. കോൺഫറൻസ് ഹാൾ, ബോർഡ് റൂം തുടങ്ങിയ പ്രീമിയം സൗകര്യങ്ങൾ മീറ്റിംഗുകൾക്കായും മറ്റും കോർപറേറ്റ് സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. മീറ്റിംഗിൽ പങ്കെടുക്കേണ്ടവർക്ക് നഗരത്തിലേക്കുള്ള യാത്ര ഒഴിവാക്കാനാകുമെന്നതാണ് പ്രധാന ആകർഷണം. പ്രീ-വെഡ്ഡിംഗ് ഷൂട്ടുകൾ, പത്രസമ്മേളനങ്ങൾ, ബിസിനസ് സമ്മേളനങ്ങൾ എന്നിവയ്ക്കായും ലോഞ്ച് സേവനം പ്രയോജനപ്പെടുത്തുന്നു.

ലോഞ്ചിനകത്തായി കഫേയും റീട്ടെയിൽ ഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. ടെർമിനലിന് തൊട്ടടുത്തായതുകൊണ്ട് തന്നെ രാത്രി യാത്രക്കാർക്കും ദീർഘദൂര യാത്രക്കാർക്കും ഏറ്റവും സൗകര്യപ്രദവും സുരക്ഷിതവുമായ വിശ്രമകേന്ദ്രമായി ലോഞ്ച് മാറുന്നു. സിയാലിന്റെ വ്യോമേതര വരുമാനം വർധിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി 2024 സെപ്തംബറിലാണ് ലോഞ്ച് ഉദ്ഘാടനം ചെയ്തത്. ഒക്ടോബറിലാണ് പ്രവർത്തനമാരംഭിച്ചത്.

## എ.പി.കെ വാർഷിക പൊതുയോഗം 27ന് കൊച്ചിയിൽ

**കൊച്ചി:** തോട്ടം ഉടമകളുടെ സംഘടനയായ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള (എ.പി.കെ)യുടെ എൺപത്തി ആറാമത് വാർഷിക പൊതുയോഗം 27ന് വില്ലിംഗ്ടൺ ഐലൻഡിലെ കാസിനോ ഹോട്ടലിൽ നടക്കും. വ്യവസായ മന്ത്രി പി. രാജീവ് പൊതുയോഗം ഉദ്ഘാടനം ചെയ്യും. പി.സി.സി.എഫും ഫോറസ്റ്റ് ഫോഴ്സ് മേധാവിയുമായ രാജേഷ് രവീന്ദ്രൻ, ഉപാസി പ്രസിഡന്റ് അജോയ് തിപ്പയ്യ എന്നിവർ വിശിഷ്ടാഥിതികളായി പങ്കെടുക്കും.

കേരളത്തിലെ പ്ലാന്റേഷൻ മേഖല നേരിടുന്ന പ്രതിസന്ധികൾ, അന്താരാഷ്ട്ര വിപണിയിലെ അനിശ്ചിതത്വം, ഉൽപ്പാദന ചെലവിലെ വർധന, തൊഴിൽ സംബന്ധിയായ വെല്ലുവിളികൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രതികൂല സ്വാധീനം എന്നിവ ചർച്ചയാകുമെന്നും, എ.പി.കെ പ്ലാറ്റിനം ജൂബിലി സ്കോളർഷിപ്പ് വിതരണം നടത്തുമെന്നും എ.പി.കെ ചെയർമാൻ പ്രിൻസ് തോമസ് ജോർജ് പറഞ്ഞു.

## സേഫ്റ്റി ഡ്രൈവിംഗ് എഡ്യുക്കേഷൻ സെന്റർ ആറാം വർഷികം ആഘോഷിച്ചു

**കോഴിക്കോട് :** മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെയുള്ള സേഫ്റ്റി ഡ്രൈവിംഗ് എഡ്യുക്കേഷൻ സെന്റർ ആറാം വർഷികം ആഘോഷിച്ചു. വാർഷികാഘോഷത്തിന്റെ ഭാഗമായി ജെ.ഡി.ടി ഇസ്ലാം പോളിടെക്നിക്കിലെ വിദ്യാർത്ഥികൾക്കായി സുരക്ഷിത യാത്രാ പരിശീലനങ്ങളും പഠനപരിപാടികളും ലേണിംഗ് ലൈസൻസ് അപേക്ഷകർക്കായി ക്വിസ് മത്സരവും സംഘടിപ്പിച്ചു. കോഴിക്കോട് ആർ.ടി.ഒ സി.എസ് സന്തോഷ് കുമാർ വിശിഷ്ടാതിഥിയായി പങ്കെടുത്തു. 2019 സെപ്റ്റംബറിൽ ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ കേരള മോട്ടോർ വാഹന വകുപ്പ് സഹകരണത്തോടെയാണ് കോഴിക്കോട്ടും സേഫ്റ്റി ഡ്രൈവിംഗ് എഡ്യുക്കേഷൻ സെന്റർ തുടങ്ങിയത്.

## നൃത്യ-25 നൃത്തോത്സവം 28ന്

**കൊച്ചി:** നൃത്യക്ഷേത്ര ടെമ്പിൾ ഓഫ് ഡാൻസ് സംഘടിപ്പിക്കുന്ന ദ്വിദിന നൃത്തോത്സവം നൃത്യ-25 സെപ്റ്റംബർ 28 ന് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ ആരംഭിക്കും. നൃത്യക്ഷേത്രയുടെ 25ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന നൃത്തോത്സവം വാദ്യകലാ കുലപതിയും പദ്മശ്രീ ജേതാവുമായ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ ഉദ്ഘാടനം ചെയ്യും. നൃത്തോത്സവത്തിന്റെ ഒന്നാം ദിനത്തിൽ നർത്തകിയും നടിയും പദ്മഭൂഷൺ ജേതാവുമായ ശോഭന അവതരിപ്പിക്കുന്ന നൃത്തം അരങ്ങേറും. രണ്ടാം ദിനത്തിൽ (സെപ്റ്റംബർ 29) നൃത്യക്ഷേത്രയിലെ വിദ്യാർത്ഥിനികൾ നൃത്തപരിപാടികൾ അവതരിപ്പിക്കും. കഴിഞ്ഞ 25 വർഷമായി മോഹിനിയാട്ടം, ഭരതനാട്യം എന്നീ കലാരൂപങ്ങളിൽ പരിശീലനം നൽകുന്ന സ്ഥാപനമാണ് നൃത്യക്ഷേത്ര. കഥകളി ആചാര്യൻ കലാമണ്ഡലം കൃഷ്ണൻ നായരുടേയും മോഹിനിയാട്ടത്തിന്റെ അമ്മ എന്നറിയപ്പെടുന്ന കലാമണ്ഡലം കല്യാണിക്കുട്ടി അമ്മയുടെയും മകളും പേരക്കുട്ടിയുമായ ശ്രീദേവി രാജൻ, സന്ധ്യ രാജൻ എന്നിവരുടെ നേതൃത്തത്തിലാണ് പരിശീലനം നടക്കുന്നത്.

## ഹെക്സഗൺ ന്യൂട്രീഷൻ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** രാജ്യത്തെ മുൻനിര സമഗ്ര പോഷകാഹാര കമ്പനിയായ ഹെക്സഗൺ ന്യൂട്രീഷൻ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഗവേഷണവും ഉൽപ്പന്ന വികസനവും മുതൽ നിർമ്മാണവും വിപണനവും വരെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കമ്പനി പ്രമോട്ടർമാരുടെ ഒരു രൂപ മുഖവിലയുള്ള 3,08,59,704 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്യുമുലേറ്റീവ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, കാറ്റലിസ്റ്റ് ക്യാപിറ്റൽ പാർട്ണേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ബിഎസ്എ ഗോൾഡ് സ്റ്റാർ 650 ന് ഓഫർ

**കൊച്ചി:** ബിഎസ്എ മോട്ടോർസൈക്കിൾസിന്റെ ഫ്ളാഗ്ഷിപ്പ് ഗോൾഡ് സ്റ്റാർ 650 ആദ്യം വാങ്ങുന്ന 500 പേർക്ക് ലിമിറ്റഡ് പിരീഡ് ഓഫർ പ്രഖ്യാപിച്ചു. ഭാഗ്യശാലികളായ കസ്റ്റമേഴ്സിന് പ്രീ-ജിഎസ്ടി 2.0 വിലയിൽ അവരുടെ ഗോൾഡ് സ്റ്റാർ ലഭിക്കുന്നതിനൊപ്പം അവർക്ക് പ്രത്യേക ലിമിറ്റഡ് എഡിഷൻ ആക്സസറി കിറ്റ് ലഭിക്കും. ഇപ്പോഴത്തെ ജിഎസ്ടി പരിഷ്ക്കാരം 350 സിസിക്ക് മുകളിലുള്ള മോട്ടോർസൈക്കിളുകളുടെ ലെവി 28 ശതമാനത്തിൽ നിന്ന് 40 ശതമാനമാക്കി. ബിഎസ്എ ഗോൾഡ് സ്റ്റാർ ഹൈലാൻഡ് ഗ്രീൻ 3,09,990 രൂപ മുതൽ ആരംഭിക്കുന്നു

സൊസൈറ്റി ടുഡേ
SOCIETY TODAY

# മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിന് പുരസ്ക്കാരത്തിളക്കം



**കൊച്ചി:** മുത്തൂറ്റ് യെല്ലോ എന്ന് അറിയപ്പെടുന്ന മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡിന് മുംബൈയിലെ ഐടിസി മറാഠയിൽ വെച്ച് നടന്ന 'ഗോൾഫെസ്റ്റ് കോൺക്ലേവ് 2025' ൽ 'പ്രസ്റ്റീജിയസ് റൈസിംഗ് ബ്രാൻഡ് ഓഫ് ഇന്ത്യ 2025' പുരസ്കാരം ലഭിച്ചു. ബാർക്ക് ഏഷ്യ സംഘടിപ്പിച്ച പരിപാടിയിൽ ഹെറാൾഡ് ഗ്ലോബൽ ആണ് പുരസ്കാരങ്ങൾ സമ്മാനിച്ചത്. മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ശ്രീജിൽ മുകുന്ദ് പുരസ്കാരം ഏറ്റുവാങ്ങി. ഇതിനു പുറമേ നവീനവും ഉപഭോക്തൃ കേന്ദ്രീകൃതവുമായ വിപണന തന്ത്രങ്ങൾക്ക് നേതൃത്വം നൽകിയതിന് ഗ്ലോബൽ മാർക്കറ്റിങ് ഹെഡ് കിരൺ ജെയിംസിന് മാർക്കറ്റിംഗ് മെയ്സ്റ്റർ അവാർഡും ലഭിച്ചു.

പ്രസ്റ്റീജിയസ് റൈസിംഗ് ബ്രാൻഡ് ഓഫ് ഇന്ത്യ 2025' പുരസ്ക്കാരം ഇന്നത്തെ മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സാഹചര്യങ്ങളിൽ സ്വർണ്ണപ്പണയത്തിനുള്ള വർദ്ധിച്ചുവരുന്ന പ്രാധാന്യത്തെയാണ് കാണിക്കുന്നതെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു.

സാമ്പത്തിക സേവനങ്ങൾ എല്ലാവർക്കും ലഭ്യമാകുകയും മികച്ച രീതിയിൽ ഉള്ളതായിരിക്കണമെന്നും തങ്ങൾ എപ്പോഴും വിശ്വസിക്കുന്നു. ലക്ഷക്കണക്കിന് ഇന്ത്യക്കാർക്ക് പ്രത്യേകിച്ച് ഗ്രാമീണ, അർദ്ധ നഗര മേഖലകളിലുള്ളവർക്ക് അവരുടെ ആഗ്രഹങ്ങൾക്കും വളർച്ചയ്ക്കും പിന്തുണയ്ക്കുന്ന സമയബന്ധിതമായ വായ്പകൾ ലഭ്യമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ അടയാളമാണ് ഈ പുരസ്കാരമെന്നും അദ്ദേഹം പറഞ്ഞു.



## സ്കോഡ ഒക്ടാവിയ ആർഎസ് തിരിച്ചുവരുന്നു; പ്രീ ബുക്കിങ് ഒക്ടോബർ 6 മുതൽ

**കൊച്ചി:** സ്കോഡ ഓട്ടോ ഇന്ത്യയുടെ ഒക്ടാവിയ ആർഎസ് തിരിച്ചുവരുന്നു. ഒക്ടോബർ 6 മുതൽ ഔദ്യോഗിക വെബ്സൈറ്റ് മുഖേന പ്രീബുക്കിങ് ആരംഭിക്കും. പരിമിത സമയത്തേക്ക് മാത്രമായിരിക്കും പ്രീ ബുക്കിംഗ് ലഭ്യമാകുക. സ്കോഡ ഓട്ടോയുടെ ഐക്കോണിക് പെർഫോമൻസ് സെഡാൻ മോഡലിന്റെ തിരിച്ചുവരവാണ് ഇതിലൂടെ കുറിക്കുന്നത്.

ഇന്ത്യയിൽ ഫുള്ളിബിൽറ്റ് യൂണിറ്റ് ആയാണ് ഒക്ടാവിയ ആർഎസ് ലഭ്യമാകുക. പരിമിത സ്റ്റോക്കുകൾ മാത്രമാണുണ്ടായിരിക്കുക. ഇന്ത്യയിലേക്ക് ആഗോള ഐക്കണിനെ തിരിച്ചു കൊണ്ടുവരുമെന്ന് ഈ വർഷമാദ്യം സ്കോഡ പ്രഖ്യാപിച്ചിരുന്നുവെന്നും ഒക്ടാവിയയുടെ മടങ്ങിവരവിലൂടെ തങ്ങൾ ആ വാഗ്ദാനം പാലിച്ചുവെന്നും സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു. സമാനതകളില്ലാത്ത ഡ്രൈവിംഗ് അനുഭവം, ബോൾഡ് ഡിസൈൻ, മികച്ച ആർഎസ് സ്പിരിറ്റ് എന്നിവയ്ക്കൊപ്പം ഏറ്റവും മികച്ച പെർഫോമൻസും ഒക്ടാവിയ ആർഎസ് ഉറപ്പുനൽകുന്നു. റാലി സ്പോർട് എന്നതിന്റെ ചുരുക്കെഴുത്തായ ആർഎസ് മികച്ച പെർഫോമൻസിനെയാണ് സൂചിപ്പിക്കുന്നത്. 2004ലാണ് രാജ്യത്തെ ആദ്യ ടർബോ ചാർജ്ഡ് പെട്രോൾ എഞ്ചിൻ പാസഞ്ചർ കാറായി ഇന്ത്യയിൽ ഒക്ടാവിയ ആർഎസ് അവതരിപ്പിച്ചത്.



# ആക്ഷൻ ടെസ ദേശീയ കാർപെന്റർ ദിനം ആഘോഷിച്ചു

**കൊച്ചി:** രാജ്യത്തെ പ്രമുഖ എഞ്ചിനീയറിംഗ് വുഡ് പാനൽ ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കളായ ആക്ഷൻ ടെസ ദേശീയ കാർപെന്റർ ദിനം ആഘോഷിച്ചു. ബോളിവുഡ് താരം അജയ് ദേവ്ഗൺ ദിനാഘോഷം ഉദ്ഘാടനം ചെയ്തു. ആഘോഷങ്ങളുടെ ഭാഗമായി രാജ്യവ്യാപകമായി 50ലധികം സ്ഥലങ്ങളിൽ മെഗാ മീറ്റുകൾ നടത്തി. തുടർച്ചയായി രണ്ടാം വർഷമാണ് ആക്ഷൻ ടെസ ദേശീയ കാർപെന്റർ ദിനം ആഘോഷിക്കുന്നത്.

ആദ്യ വർഷത്തെ ആഘോഷങ്ങളുടെ ഭാഗമായി എംഎസ്എംഇകളുമായി സഹകരിച്ച് രൂപം കൊടുത്ത മൂന്ന് മാസത്തെ നൈപുണ്യ പരിശീലന കോഴ്സായ വുഡ് പാനൽ പ്രോസസ്സിംഗ് ടെക്നിക്സ് പ്രോഗ്രാമിൽ പങ്കെടുത്ത 30 വിദ്യാർത്ഥികൾക്കും 100 ശതമാനം പ്ലേസ്മെന്റ് ലഭിച്ചതായി ആക്ഷൻ ടെസ അറിയിച്ചു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായാണ് ആക്ഷൻ ടെസ പൂർണ്ണമായും സ്പോൺസർ ചെയ്യുന്ന ഈ കോഴ്സ് രൂപകൽപ്പന ചെയ്തതെന്നും എല്ലാ സംസ്ഥാനങ്ങളിലും സമാനമായ കോഴ്സുകൾ ആരംഭിക്കുന്നതിനായി മറ്റ് എംഎസ്എംഇ കേന്ദ്രങ്ങളുമായി സജീവ ചർച്ചകൾ നടത്തിവരികയാണെന്നും കമ്പനി പറഞ്ഞു.

ടെസ സലാം, വുഡ് പാനൽ പ്രോസസ്സിംഗ് ടെക്നിക്സ് പോലുള്ള സംരംഭങ്ങളിലൂടെ കാർപെന്റർമാർ നൽകിവരുന്ന സേവനങ്ങളെ ആദരിക്കുക മാത്രമല്ല ശോഭനമായ ഒരു നാളെയുടെ അടിത്തറ പാകുക കൂടി ചെയ്യുന്നതായി ആക്ഷൻ ടെസ മാനേജിംഗ് ഡയറക്ടർ അജയ് അഗർവാൾ പറഞ്ഞു. വരും വർഷങ്ങളിലും കാർപെന്റർമാർക്കും അവരുടെ കുടുംബങ്ങൾക്കും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com